(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശുദ്ധജല വിതരണ പദ്ധതികൾ

23(*83) ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) പദ്ധതികളുടെ ജലസ്രോതസ്സ് മുതൽ വിതരണത്തിന്റെ അവസാനം വരെയുള്ള സംവിധാനങ്ങൾ നിരന്തരമായ പരിശോധനയ്ക്കും പോരായ്മകൾ പരിഹരിക്കാനുമുള്ള നടപടികൾക്കും വിധേയമാക്കാൻ എന്ത് വ്യവസ്ഥയാണ് നിലവിലുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശത്തും ശുദ്ധജലം എത്തിക്കുന്ന അരുവിക്കരയിലെ ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശത്ത് മനുഷ്യ വിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിനേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാനത്ത് എട്ട് വൻകിട ശുദ്ധജല വിതരണ പദ്ധതികളാണ് (50 MLD-ക്കു മുകളിൽ ഉല്പാദനശേഷിയുള്ള) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നത്. അവയുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു:

1. തിരുവനന്തപുരം കോർപ്പറേഷനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി
2. ജില്ലാ ധനസഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതി
3. ജില്ലാ ധനസഹായത്തോടെയുള്ള പേർത്തല ശുദ്ധജല വിതരണ പദ്ധതി
4. കൊച്ചിക്കുവേണ്ടിയുള്ള ജനറൽ വാട്ടർ സപ്ലൈ സ്കീം-പാർട്ട് I

LIBRARY ARCHIVES Kerala Legislative Assembly

5. എറണാകുളത്തിനും സമീപപ്രദേശങ്ങൾക്കുമായി ആലുവയിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണ പദ്ധതി

6. പറവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ചൊവ്വര കുടിവെള്ള പദ്ധതി

7. കോഴിക്കോട് കുടിവെള്ള പദ്ധതി ,

8. ജില്ല ധനസഹായത്തോടെയുള്ള പട്ടുവം കുടിവെള്ള പദ്ധതി.

2001-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ടത്തിൽ പതിനാറ് വൻകിട ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 2012-2017 കാലയളവിൽ നടപ്പിലാക്കി വരുന്ന ജലനിധി രണ്ടാംഘട്ടത്തിൽ 2016 ജനുവരി 31-ാം തീയതി വരെയുള്ള കണക്കനുസരിച്ച് തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലും ഒന്നുവീതം വൻകിട ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായി. തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ജലനിധി പദ്ധതിപ്രകാരം പദ്ധതി പൂർത്തീകരണത്തിനുശേഷം ആയതിന്റെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ്. പൂർത്തീകരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ ഉടമസ്ഥാവകാശം ഗുണഭോക്തൃ സമിതികൾക്കും ഗ്രാമപഞ്ചായത്തിനും സംയുക്തമായി നൽകുന്നു. പദ്ധതികളുടെ ജലസ്രോതസ്സിൽ നിന്നുമെടുക്കുന്ന ജലം കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിച്ചതിനുശേഷം എത്ര അളവിൽ കെമിക്കലുകൾ ശുദ്ധീകരിക്കുവാനായി ചേർക്കണമെന്ന് തീരുമാനിക്കുന്നു. അതിനുശേഷം എയറേഷൻ, സെഡിമെന്റേഷൻ, കൊയാഗുലേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നീ പ്രക്രിയകൾക്കു വിധേയമാക്കുകയും തുടർന്ന് ലാബിൽ പരിശോധിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് കെ.ഡബ്ല്യു.എ.-യുടെ പരിശോധനാ ലാബുകളിൽ CPHEEO (Central Public Health & Environmental Engineering Organisation) അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന ഒരു സംസ്ഥാന ലാബും പതിനാറ് ജില്ലാ ലാബുകളും 33 സബ് ഡിവിഷൻ ലാബുകളും വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ശുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അരുവിക്കര ഡാം റിസർവ്വോയറിന്റെ സമീപപ്രദേശങ്ങളിലെ വീടുകളിൽ നിന്നുള്ള മലിനജലം ചെറിയ ഓടകളിലൂടെയും നേരിട്ടും റിസർവോയറിലേയ്ക്ക്

*ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒഴുകിയെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉടമസ്ഥർക്ക് നേരിട്ട് നോട്ടീസ് നൽകുകയും പ്രസ്തുത വിവരം പഞ്ചായത്തിലും പോലീസ് സ്റ്റേഷനിലും അറിയിക്കുകയും ചെയ്തുവരുന്നു. കൂടാതെ റിസർവ്വോയറിലെ 72 MLD പമ്പ്ഹൗസിനടുത്തായി പായലും കുപ്പികളുമടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പതിനഞ്ച് ലക്ഷം രൂപയുടെ വർക്ക് തുടങ്ങാനുള്ള നടപടികളെടുത്തുവരുന്നു. എന്നിരുന്നാലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടാണ് വിതരണം ചെയ്യുന്നത്.

കുട്ടികളിലെ വൃക്കരോഗം

24(*84) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ വൃക്കരോഗം വ്യാപകമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വൃക്കരോഗങ്ങളെ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് കുട്ടികളുടെയിടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) തുടർച്ചയായുള്ള യൂറിനറി ട്രാക്ട് ഇൻഫെക്ഷൻ, മൂത്രാശയനാളിയിൽ ജന്മനായുള്ള കുഴപ്പങ്ങൾ, ഗ്ലോമുലോ നെഫ്രിറ്റിസ്, നെഫ്രോട്ടിക് സിൻഡ്രോം എന്നിവയാണ് കുട്ടികളുടെയിടയിൽ വൃക്കരോഗമുണ്ടാക്കുന്നത്.

(സി) കുട്ടികളിലെ വൃക്കരോഗം പ്രതിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മൂത്രനാളങ്ങളുടെ വൃക്കരോഗം അനിയന്ത്രിതമായ രക്താതി സമ്മർദ്ദം, പ്രമേഹം എന്നീ അസുഖങ്ങൾ മൂലമാണ്. ഈ അസുഖങ്ങൾ നിയന്ത്രിക്കാൻ സംസ്ഥാനത്തൊട്ടാകെ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly